# 66

# ആത്മാക്കളുടെ ഭവനം

## (21:9- 21)

ഭവനം - എത്ര സുന്ദരമായ വാക്ക്! "ഹൃദയം ഇരിക്കുന്ന സ്ഥലമാണ് ഭവനം" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. നാം "സ്നേഹിക്കുന്ന സ്ഥലമാണ്" ഭവനം എന്നും "നമ്മുടെ കാലുകൾ അവിടം വിട്ടുപോകും എന്നാൽ ഹൃദയം അവിടം വിട്ടുപോകയില്ല"[1] എന്നും ഒലിവർ വെന്റൽ ഹോമ്സ് പറഞ്ഞു. ജോൺ ഹോവാർഡ് പെയിൻ എഴുതി, "സുഖങ്ങളുടെ മദ്ധ്യത്തിലും രാജധാനികളിലും നാം ചുറ്റിസഞ്ചരിച്ചാലും, ഭവനം പോലെ നാം താഴുന്ന സ്ഥലം പോലെ മറ്റൊന്നില്ല."[2]

ഭവനങ്ങൾ മനോഹരമായതുകൊണ്ട്, നമ്മിൽ പലരും ഉയരത്തിലുള്ള ഭവനം കാംക്ഷിക്കുന്നു. നാം വിട്ടുപിരിഞ്ഞ് "കർത്താവിനോടുകൂടെ അവന്റെ ഭവനത്തിലാകണമെന്ന്" അപ്പൊസ്തലനായ പൗലൊസ് ആഗ്രഹിക്കുന്നു (2 കൊരിന്ത്യർ 5:8) - അവിടെ പോകുന്നത് "നിത്യഭവനത്തിലാകുക" യാണെന്ന് ജ്ഞാനിയായവൻ പറയുന്നു (സഭാപ്രസംഗി 12:5), അതിനെ ജെയിംസ് റോവ് "ആത്മാവിന്റെ ഭവനം" എന്നാണ് വിശേഷിപ്പിച്ചത്;

സമ്മാനത്തിനായിട്ടാണ് നാം പരിശ്രമിച്ചതെങ്കിൽ,
നമ്മുടെ പ്രയത്നങ്ങൾക്കു ശേഷം,
നിത്യമായ ആ തീരത്ത്,
നമുക്ക് വിശ്രമം നൽകും.
ആത്മാവിന്റെ ഭവനം, സുന്ദരമായ ഭവനം,
അവിടെ നാം ചുറ്റിത്തിരിയാതെ, വിശ്രമിക്കും;
എല്ലാ കരുതലിൽനിന്നും വിടുവിച്ച്, സന്തോഷിക്കയും പ്രകാശിക്കയും,
വെളിച്ചമായി, യേശു അവിടെയുണ്ടാകയും ചെയ്യും ...[3]

വെളിപ്പാട് 21:9 മുതൽ 22:5 വരെയുള്ള ഭാഗങ്ങളിൽ, "ആത്മാവിന്റെ ഭവനത്തിലെ" ചില ഗുണങ്ങൾ ജ്വലിപ്പിക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. നാം അങ്ങനെ ചെയ്യുമ്പോൾ, ഉപയോഗിച്ചിരിക്കുന്നത് ആലങ്കാരികഭാഷയാണെന്ന് ഓർക്കുക. ന്യൂ ഗൈനയിലുള്ള എസ്കിമോ ഇഗ്ലോവിനെ നിങ്ങൾ എങ്ങനെ വിവരിക്കും? മരുഭൂമിയിൽ അലഞ്ഞു നടക്കുന്ന ഒരാളോട് മിന്നെസോട്ടയിലെ തടാകത്തെ കുറിച്ച് എങ്ങനെ വിവരിക്കും?[4] ഒരു നില കെട്ടിടത്തേക്കൾ വലിയ കെട്ടിടങ്ങൾ കാണാത്ത ഒരു കുട്ടിക്ക് എങ്ങനെ നിങ്ങൾ ന്യുയോർക്ക് പട്ടണം വിവരിച്ചുകൊടുക്കും? നിങ്ങളുടെ ഓരോ വിവരണത്തിലും അവർ അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് മനസിലാക്കുന്നത് - ഓരോ വിവരണവും യാഥാർത്ഥ്യത്തിൽ നിന്നു കുറഞ്ഞ അവസ്ഥയിലേ നിങ്ങൾക്ക് പറയുവാൻ കഴിയു. യോഹന്നാൻ സ്വർഗത്തെ വിവരിക്കുവാൻ ശ്രമിച്ചതും അതുപോലെയായിരിക്കാം.

വർഷങ്ങൾക്ക് മുൻപ്, ഒരു ക്രിസ്തീയ ദമ്പതിമാർക്ക് ഒരു സുന്ദരിയായ

പെൺകുട്ടി ജനിച്ചു. ആഴ്ച്ചകൾ കഴിഞ്ഞപ്പോൾ ആ കുട്ടിക്ക് കാഴ്ച്ചക്കുറവു ണ്ടെന്ന് മാതാപിതാക്കൾ മനസിലാക്കി. ഒരു കണ്ണുരോഗവിദഗ്ധൻ ആ ദമ്പതി മാരോട് പറഞ്ഞു, നിങ്ങളുടെ മകൾ മേരി "മിക്കവാറും അന്ധയാണ്. അവൾക്ക് ഒരിക്കലും ഒന്നും കാണുവാൻ കഴിയുകയില്ല" ഡോക്ടർ ഒരു കാര്യം കൂടെ അവരോട് പറഞ്ഞു, "എന്നാൽ അവൾക്ക് പന്ത്രണ്ട് വയസാകുമ്പോൾ, ഒരോ പ്പറേഷൻ നടത്തിയാൽ, അവൾക്ക് സാധാരണ കാഴ്ച്ച ലഭിച്ചേക്കാം."

ആ കുട്ടിക്ക് പന്ത്രണ്ട് വയസാകുന്നതുവരെ കാത്തിരിക്കേണ്ടി വന്ന മാതാപിതാക്കളുടെ മാനസികാവസ്ഥ ഒന്നാലോചിച്ച് നോക്കുക. അവസാനം മേരിക്ക് പന്ത്രണ്ട് വയസായപ്പോൾ, അവളെ യൂറോപ്പിലെ ഒരു പ്രസിദ്ധ കണ്ണു രോഗവിദഗ്ധന്റെ അടുക്കലേക്ക് കൊണ്ടുപോയി. ആൽപ്സിലെ ഒരു ആസ്പ ത്രിയിലായിരുന്നു ഓപ്പറേഷൻ നടത്തിയത്. ഓപ്പറേഷന് ഒരുങ്ങിയ സമയത്ത് മേരിയുടെ അമ്മ അവളെ പിടിച്ച്, അവളുടെ ശ്രദ്ധ മാറ്റുവാനായി ചുറ്റുമുള്ള പർവ്വതങ്ങളെ കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു.

ഓപ്പറേഷൻ കഴിഞ്ഞ്, മാതാപിതാക്കളും, ഡോക്ടറും, നഴ്സ്മാരും ആകാംക്ഷയോടെ കാത്തിരുന്നു. അവസാനം അവളുടെ ബാന്റേജ് അഴിക്കു വാനുള്ള സമയമായി. മേരി ആദ്യമായി ജനലിൽ കൂടെ കണ്ടത് ഒരു വലിയ കുന്നായിരുന്നു. അവളുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ കവിളിൽകൂടെ ഒഴു കിയപ്പോൾ, അവൾ അമ്മയോട് ചോദിച്ചു, "അമ്മേ, ലോകം ഇത്ര മനോഹര മാണെന്ന്, എന്തുകൊണ്ട് എന്നോട് പറഞ്ഞില്ല?"

മേരിയുടെ അമ്മ അവളെ കെട്ടിപ്പിടിച്ചു പറഞ്ഞു, " ഞാൻ അത് നിന്നോട് പറയുവാൻ ശ്രമിച്ചു, പക്ഷെ എനിക്ക് കഴിഞ്ഞില്ല!"

അതുപോലെ, നാം തേജസേറിയ ഭവനത്തിൽ ചെല്ലുമ്പോൾ സഹോദരൻ ജോണിനോട് ചോദിക്കും, "സഹോദരാ, സ്വർഗം ഇത്ര മനോഹരമാണെന്ന് എന്തുകൊണ്ട് ഞങ്ങളോട് പറഞ്ഞില്ല?" അവൻ നമ്മോട് പറയും, എന്റെ കുഞ്ഞുങ്ങളേ, "ഞാൻ വെളിപ്പാട് പുസ്തകത്തിൽ അത് പറയുവാൻ ശ്രമിച്ചു, എന്നാൽ എനിക്ക് അതിന് കഴിഞ്ഞില്ല."[5]

അദ്ധ്യായം 20-ൽ എനിക്ക് വിഷമം നേരിട്ടപ്പോൾ, എനിക്ക് ശലോമോന്റെ മനസുണ്ടായിരുന്നുവെങ്കിൽ എന്നു ഞാൻ ആശിച്ചുപോയി. ഞാൻ 21 ഉം 22 ഉം അദ്ധ്യായങ്ങൾ എഴുതിയപ്പോൾ എനിക്ക് ദാവീദിന്റെ നാവുണ്ടായി രുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി. ആ അദ്ധ്യായങ്ങളിലെ ആലങ്കാ രികത മനസിലാക്കിത്തരുവാൻ ഞാൻ പരമാവധി ശ്രമിക്കാം. ഞാൻ അങ്ങനെ ചെയ്തശേഷം, സ്വർഗം *വാസ്തവത്തിൽ* എത്ര മനോഹരമായിരിക്കും എന്നത് വിട്ടുപോകാം!

ഈ പാഠം 21:9-21 നെ ആസ്പദമാക്കിയും, അടുത്തത്, 21:22-22:5 നെ ആസ്പദമാക്കിയും ആയിരിക്കും. നഗരം എത്ര സുന്ദരമായിരിക്കും എന്ന ഊന്നലായിരിക്കും ഈ അവതരണത്തിൽ.

## ശ്വാസംവിടാതെയുള്ള വീക്ഷണം
## (21:9-11)

നമ്മുടെ വേദഭാഗം തുടരുന്നു, "അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ വന്ന് എന്നോട്, വരിക, 'കുഞ്ഞാടി ന്റെ കാന്തയായ മണവാട്ടിയെ[6] കാണിച്ചുതരാം എന്നു പറഞ്ഞു' " (വാ. 9). ആ അവസരത്തിൽ തിരഞ്ഞെടുത്ത സന്ദേശവാഹകൻ നമ്മെ അതിശയിപ്പിക്കുന്നു

ദൂതന്മാരിൽ ഒരാൾ ക്രോധകലശം ഒഴിച്ചു. ആ കലശങ്ങൾ പ്രത്യാശാരാഹിത്യവും പ്രതികാരവും ഉൾപ്പെട്ടവയായിരുന്നു, എന്നാൽ സന്ദേശം വിജയിപ്പിക്കുന്നതും പ്രത്യാശ നൽകുന്നതുമായിരുന്നു. ആ ദൂതനെ തിരഞ്ഞെടുക്കുവാനുള്ള കാരണം, ഒരുപക്ഷെ നാം പഴയ "മഹതിയാം" ബാബിലോന്റേയും പുതിയയെരുശലേമിന്റേയും വ്യത്യാസം മനസിലാക്കേണ്ടതിനായിരിക്കാം. 17:1–ൽ, ക്രോധകലശം പിടിച്ച ഒരു ദൂതൻ യോഹന്നാനോട് പറഞ്ഞു, "ഇവിടെ വരിക, മഹാ വേശ്യയുടെ ന്യായവിധി ഞാൻ നിനക്ക് കാണിച്ചുതരാം." ഇപ്പോൾ, ഏഴ് ദൂതന്മാരിൽ ഒരാൾ (ഒരുപക്ഷെ അതേ ദൂതനായിരിക്കാം) പറഞ്ഞു, "വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ കാണിച്ചുതരാം."

പണ്ട്, വാഗ്ദത്ത ദേശം കാണുവാൻ പിസ്ഗാ പർവ്വതത്തിൽ നിൽക്കുവാൻ ദൈവം മോശെയെ അനുവദിച്ചു (ആവർത്തനപുസ്തകം 3:27; 34:1). അതുപോലെ, ദൂതൻ യോഹന്നാനെ "ആത്മാവിൽ,[7] ദൂരെ," വലിയ ഒരു മലയിലേക്ക് കൊണ്ടുപോയി."[8] അത് "സ്വർഗത്തിൽ ദൈവസന്നിധിയിൽനിന്ന് ദൈവതേജസോടെ ഇറങ്ങിവരുന്ന വിശുദ്ധനഗരത്തെ കാണിക്കുവാനായിരുന്നു"[9] (വാ. 10, 11). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "സ്വർഗത്തിൽ ദൈവസന്നിധിയിൽനിന്ന് വിശുദ്ധനഗരമായ യെരുശലേം ഇറങ്ങിവരുന്നു" എന്ന ചിത്രീകരണം നോക്കുക.)

## ശോഭയേറിയ നഗരം
## (21:11, 15, 16, 18, 21)

വിലയേറിയ ആഭരണം പോലെയാണ് ആ നഗരം ഇറങ്ങി വന്ന കാഴ്ച്ച: വിലയേറിയ കല്ലിന്റേതുപോലെയായിരുന്നു അവളുടെ ശോഭ. "അതിന്റെ ജ്യോതിസ്, ഏറ്റവും വിലയേറിയ രത്നത്തിന് തുല്യമായി സ്ഫടിക സ്വഛതയുള്ള സൂര്യകാന്തം പോലെ ആയിരുന്നു" (വാ. 11). "ദൈവതേജസായിരുന്നു" യോഹന്നാൻ കണ്ടത് (വാ. 11). സിംഹാസനരംഗത്തിൽ, ആദ്യം ദൈവത്തെ വിവരിച്ചത് "കാഴ്ച്ചയിൽ സൂര്യകാന്തം പോലെ" എന്നാണ് (4:3). സൃഷ്ടി, സൃഷ്ടികർത്താവിന്റെ ഗുണത്തെയാണ് ഇവിടെ എടുക്കുന്നത്. അതും, "സ്ഫടികതുല്യമായ-സൂര്യകാന്തം പോലെ" ശോഭയുള്ളതായിരുന്നു. മഴവില്ലിന്റെ വർണ്ണം പോലെ, മിന്നുന്ന ഒരു ഡയമണ്ടിനെ കുറിച്ച് ചിന്തിക്കുക.[10]

ദൂതന് "നഗരത്തെയും അതിന്റെ ഗോപുരങ്ങളെയും മതിലിനേയും അളക്കേണ്ടതിന് പൊന്നുകൊണ്ടുള്ള അളവുകോലുണ്ടായിരുന്നു" (വാ. 15).[11] നഗരത്തിന്റെ വിസ്തീർണ്ണം നമ്മെ അമ്പരപ്പിക്കുന്നതാണ്: "അളവുകോൽകൊണ്ട് അവൻ നഗരത്തെ അളന്നു, 12,000 നാഴിക കണ്ടു" (വാ. 16; എൻഐവി). ഒരു *നാഴിക* (റോമൻ അളവ്) ഉദ്ദേശം, ഒരു മൈലിന്റെ എട്ടിലൊന്നാണ്.[12] അതുകൊണ്ട് എൻഏഎസ്ബി പറയുന്നത് നഗരത്തിന് "ആയിരത്തിയഞ്ഞൂറ് മൈൽ" നീളവും ആയിരത്തിയഞ്ഞൂറുമൈൽ വീതിയും ആയിരത്തിയഞ്ഞൂറുമൈൽ ആഴവും ആയിരത്തിയഞ്ഞൂറു മൈൽ ഉയരവും"[13] എല്ലാ ദിക്കിലേക്കും ഉണ്ടായിരുന്നു എന്നാണ്!

ആയിരത്തിയഞ്ഞൂറ് മൈൽ: അത് "ഉദ്ദേശം ലണ്ടനും ഏതൻസിനും ഇടക്കുള്ളതും, ന്യൂയോർക്കിനും ഹൂസ്റ്റണും ഇടക്കുള്ളതും, ഡെൽഹിക്കും റങ്കൂണിനും ഇടക്കുള്ളതും, അഡെലയിഡിനും ഡാർവിനും ഇടക്കുള്ളതുമായ ദൂരമാണ്."[14] ആയിരത്തിയഞ്ഞൂറു മൈൽ ഇൻടു ആയിരത്തിയഞ്ഞൂറ് മൈൽ: അതായത്, "ടെക്സസ് സംസ്ഥാനത്തിന്റെ 8.4 മടങ്ങ് വലുത്, ഒന്നു

കിൽ ആസ്ട്രേലിയയേക്കാളോ അല്ലെങ്കിൽ യൂറോപ്പിനേക്കാളോ വലുതായിരിക്കും"![15] അതിലുപരി, നഗരത്തിന് ആയിരത്തിയഞ്ഞൂറ് മൈൽ *പൊക്കവും* ഉണ്ട്. (അത്രയും ഉയരമുള്ളത് ലോകത്തിൽ തന്നെ വിരളമാണ്.) ആ കെട്ടിടത്തെ വടക്കെ അമേരിക്ക മുഴുവൻ നീട്ടുക. അതിനെ മുകളിലേക്ക് നീട്ടി നൂറ്റി*യമ്പത്* നിലയുള്ള ഒരു കെട്ടിടത്തെ സങ്കൽപ്പിക്കുക. പിന്നെ ഇതിൽ ആശ്ചര്യപ്പെടുക: ആയിര-ത്തഞ്ഞു-റ് മൈൽ സ്വർഗത്തിൽ നിങ്ങൾക്ക് *തൊണ്ണൂറ്* കെട്ടിടങ്ങൾ തൂക്കിയിടാം. ഭൂമിയിലെങ്ങും ഇല്ലാത്ത ഒരു നഗരമാണ് അത് എന്നു പറഞ്ഞാൽ പോലും വിലകുറഞ്ഞതായി പോകും!

നഗരത്തിന്റെ രണ്ട് വസ്തുതകൾ വാക്യം 16-ൽ പറയുന്നു. ഒന്ന്, നഗരം പൂർണ്ണമാണ്, കാരണം "പന്ത്രണ്ട്" എന്ന സംഖ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു. വെളിപ്പാടിന്റെ ഈ ഭാഗത്തെ മുഖ്യമായ സംഖ്യയാണ് അത് (21:12, 14, 21; 22:2). "പന്ത്രണ്ട്" ദൈവിക സംഖ്യയാണ് ("മൂന്ന്") ഗുണം സൃഷ്ടിയുടെ സംഖ്യ ("നാല്") – "പൂർണ്ണത അല്ലെങ്കിൽ തികെവിനെ സൂചിപ്പിക്കുന്നു".[16] പെരുക്കിയ സംഖ്യയായ "*പന്തീരായിരം*" സൂചിപ്പിക്കുന്നത് *തികഞ്ഞ* പൂർണ്ണതയാണ്.[17] നഗരത്തിന്റെ സമചതുരാകൃതി അതിന്റെ തെറ്റില്ലാത്തതിനെ സൂചിപ്പിക്കുന്നു,[18] പുരാതനക്കാർ സമചതുരാകൃതി പൂർണ്ണതയുടെ അലങ്കാരമായിട്ടാണ് ചിന്തിക്കുന്നത്. അതിവിശുദ്ധസ്ഥലം ഒരു തികഞ്ഞ സമചതുരാകൃതിയിലായിരുന്നു (1 രാജാക്കന്മാർ 6:20), പുതിയ യെരുശലേമിനെ *അവസാനത്തെ* "അതിവിശുദ്ധസ്ഥലം" എന്നാണ് വിളിച്ചിരിക്കുന്നത്.

രണ്ട്, അതി വിപുലമായ അനുപാദത്തിൽ സ്വർഗ്ഗത്തിലേക്ക് പോകുവാൻ വാസ്തവത്തിൽ (ആഗ്രഹിക്കുന്നവർക്ക് വേണ്ടതെല്ലാം നൽകിയിട്ടുണ്ട്). ക്ഷണം *എല്ലാവരിലേക്കും* വ്യാപിപ്പിക്കുവാൻ കഴിയും; " 'വരിക' എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: 'വരിക' എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (22:17).

നഗരത്തെ കുറിച്ച് മൊത്തത്തിലുള്ള ഒരു വിശദാംശം കൂടെ നല്കുന്നു: വാക്യം 18 പറയുന്നു "നഗരം തങ്കംകൊണ്ടുള്ളതും സ്ഫടിക തുല്യവും ആയിരുന്നു" (വാ. 18), എന്നാൽ വാക്യം 21 വെളിപ്പെടുത്തുന്നത് "നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കവും ആയിരുന്നു" (വാ. 21). തങ്കം ഡയമണ്ട് പോലെ മിന്നുന്നതല്ലേ? സ്ഫടിക തുല്യമായ തങ്കമായിരുന്നോ? ഈ-ഭൂമിയിലെ-പണികൾക്കുള്ള വസ്തുക്കൾ വിലയുള്ളതായി പ്രസ്താവിക്കുന്നത്പോലെ തങ്കത്തെപോലെയും സ്ഫടികത്തെ പോലെയും ശുദ്ധവും വിലയുമുള്ളതാണ് സ്വർഗ്ഗം.

## സംരക്ഷണ മതിൽ
## (21:12, 14, 17, 18, 19, 20)

യോഹന്നാന്റെ ശ്രദ്ധ അടുത്തതായി നഗരത്തിന്റെ മതിലിലേക്കു തിരിഞ്ഞു. ഒന്നാം നൂറ്റാണ്ടിൽ, ഓരോ വലിയ നഗരത്തിനും സംരക്ഷണ മതിൽ ഉണ്ടായിരുന്നു. അതുപോലെ, സ്വർഗ്ഗീയ നഗരത്തിനു "വലുതും ഉയർന്നതുമായ ഒരു മതിൽ ഉണ്ടായിരുന്നു" (വാ. 12).

പൊന്നുകൊണ്ടുള്ള അളവുകോൽ എടുത്ത്, ദൂതൻ "അതിന്റെ മതിൽ; മനുഷ്യന്റെ അളവിനു എന്നുവെച്ചാൽ ദൂതന്റെ അളവിനു തന്നേ, 144 മുഴം ആയിരുന്നു"[19] (വാ. 17; എൻഐവി). ഒരു മുഴം എന്നതു ഒരാളുടെ കൈമുട്ടു

മുതൽ നടുവിരലിന്റെ അറ്റം വരെയുള്ള നീളമാണ് (ഏതാണ്ട് ഒന്നര അടി). അതുകൊണ്ട് എൻഎഎസ്സ്വി പറയുന്നു "എഴുപത്തി-രണ്ട് ഗജം."[20] ഒന്നുകിൽ എഴുപത്തി-രണ്ട് ഗജം ഉയരം അല്ലെങ്കിൽ എഴുപത്തി-രണ്ട് ഗജം ഘനമോ? എൻ ഐ വി സൂചിപ്പിക്കുന്നത് മതിലിന് എഴുപത്തി-രണ്ട് ഗജം ഘനമുണ്ടായിരുന്നു എന്നാണ്, എന്നാൽ അർത്ഥമാക്കിയത് ഉയരമായിരുന്നു എന്നാണ്. മിക്ക എഴുത്തുകാരും കരുതുന്നത്. അത് ഏത് വിധത്തിലായാലും കുഴപ്പമില്ല.[21] അവിടെ ഉപയോഗിച്ചിരിക്കുന്നത് തികവുള്ള അലങ്കാരമാണ് എന്നുള്ളതിനാണ് പ്രാധാന്യം. നഗരത്തിന് പൂർണമായ സുരക്ഷിതത്വം അനുഭവപ്പെട്ടിരുന്നു.

നഗരത്തെപോലെ തന്നെ (21:11), മതിലും സൂര്യകാന്തംകൊണ്ടുള്ളതായിരുന്നു (വാ. 18).[22] അത് അഭൗമികമായ ശോഭ നിറഞ്ഞതായിരുന്നു.

മതിലിന്റെ ഘടനയിൽ വിസ്മയിപ്പിക്കുന്നത് അതിന്റെ അടിസ്ഥാനങ്ങളായിരുന്നു. നഗര വാതിലുകൾക്ക് സാധാരണ ഒറ്റ അടിസ്ഥാനമായിരുന്നു ഉണ്ടായിരുന്നത്; എന്നാൽ ഈ മതിലിന് "പന്ത്രണ്ട് അടിസ്ഥാന കല്ലുകൾ ഉണ്ടായിരുന്നു," കല്ലുകളിന്മേൽ "കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടേയും[23] പേരുകൾ ഉണ്ടായിരുന്നു" (വാ. 14). ഇതു നമ്മെ ഓർപ്പിക്കുന്നത് "ക്രിസ്തുയേശു മൂലക്കല്ലായും, അപ്പോസ്ഥലന്മാരുടെയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിതതായി" ക്രിസ്ത്യാനിത്വത്തെയാണ് (എഫേസ്യർ 2:20).

കൂടാതെ, ഒരു മതിലിന്റെ അടിസ്ഥാനം സാധാരണ ഉപരിതലത്തിനു താഴെയായിരുന്നു; എന്നാൽ ഈ അടിസ്ഥാന കല്ലുകൾ പുറമെ കാഴ്ച്ചക്ക് വെളിപ്പെട്ടിരുന്നു. അവയെ "ഓരോ വിലയേറിയ കല്ലുകൊണ്ടും അലങ്കരിച്ചിരുന്നു" (വാ. 19).[24] ആ മഹനീയ കാഴ്ച്ചയെ ഒന്നു ഊഹിക്കുവാൻ ശ്രമിക്കുക (വാ. 19, 20). സൂര്യകാന്തം, നീലരത്നം, മാണിക്യം, മരതകം, നഖവർണ്ണി, ചുവപ്പുകല്ലു, പീതരത്നം, ഗോമേദകം, പുഷ്യരാഗം, വൈഡൂര്യം, പത്മരാഗം, സുഗന്ധിരത്നം, "സ്വപ്നക്കല്ല്" എന്നിവ നിങ്ങളെ അതിശയിപ്പിച്ചേക്കാം. അപ്പോസ്തലന്മാരുടെ ഉപദേശവും മാതൃകയും അടിസ്ഥാനമായിരിക്കുന്നത് എത്ര മനോഹരമാണ്!

## വിസ്മയിപ്പിക്കുന്ന വാതിലുകൾ
## (21:12, 13, 21)

മതിലിന്റെ ഗോപുരങ്ങളേയും യോഹന്നാൻ വിവരിക്കുന്നുണ്ട്. നഗരങ്ങൾക്ക് അക്കാലത്ത് സാധാരണ ഒരു ഗോപുരമായിരുന്നു ഉണ്ടായിരുന്നത്, അത് നഗരം ആക്രമിക്കപ്പെടുമ്പോഴോ അല്ലെങ്കിൽ രാത്രിയിലോ അടച്ചിരിക്കും. പുതിയ യെരുശലേമിന്റെ മതിലിന് മൊത്തം "പന്ത്രണ്ട് ഗോപുരങ്ങൾ" ഉണ്ടായിരുന്നു (വാ. 12); "കിഴക്കു മൂന്നു ഗോപുരം, വടക്കു മൂന്നു ഗോപുരം, തെക്കു മൂന്നു ഗോപുരം, പടിഞ്ഞാറു മൂന്നു ഗോപുരം" (വാ. 13). പന്ത്രണ്ട് ഗോപുരങ്ങൾ സ്വർഗ്ഗത്തിലേക്ക് പല വഴികൾ ഉണ്ടെന്ന് കാണിക്കുന്നതിനായിരു*ന്നില്ല*; യേശു പറഞ്ഞു താൻതന്നെയാണ് "*ഏക* വഴി" (യോഹന്നാൻ 14:6; എംഫസിസ് മൈൻ). മറിച്ച്, "പന്ത്രണ്ട്" എന്ന സംഖ്യ വീണ്ടും സൂചിപ്പിക്കുന്നത് തികവിനെയാണ്: തങ്ങളെത്തന്നെ ഒരുക്കുവാൻ മനസ്സുള്ളവർക്ക് ധാരാളം അവസരങ്ങൾ നൽകിയിട്ടുണ്ട്. കിഴക്കും വടക്കും, തെക്കും, പടിഞ്ഞാറും ഉള്ള ഗോപുരങ്ങൾ തെളിയിക്കുന്നത് ക്രിസ്ത്യാനിത്വത്തിലേക്കുള്ള സാർവ്വലൗകികമായ ക്ഷണമാണ്; ഭൂമിയുടെ എല്ലാ കോണുകളിൽ നിന്നും മനുഷ്യർ എത്തുന്നു (മത്തായി 28:19; പ്രവൃത്തികൾ 1:8).[25]

പന്ത്രണ്ട് ഗോപുരങ്ങളിൽ നിന്നിരുന്നത് "പന്ത്രണ്ട് ദൂതന്മാർ" ആയിരുന്നു

(വെളിപ്പാട് 21:12). അയോഗ്യർ പ്രവേശിക്കുന്നത് തടയുന്നതിനായിരുന്നോ അവരെ അവിടെ നിർത്തിയിരുന്നത്? ഒരുപക്ഷെ അതിനായിരിക്കാം (21:27; 22:15). നേരെമറിച്ച്, ദൂതന്മാരെ ക്കുറിച്ച് പറഞ്ഞിരിക്കുന്നത് "അവർ ഒക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്കു അയക്കപ്പെടുന്ന സേവകാത്മാക്കള ല്ലയോ" (എബ്രായർ 1:14). ആത്മാക്കൾ രക്ഷിക്കപ്പെടുമ്പോൾ ദൂതന്മാർ സന്തോ ഷിക്കും (ലൂക്കൊസ് 15:7,10), ദൂതന്മാരായിരുന്നു ലാസറിനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയത് (ലൂക്കൊസ് 16:22). "നന്ന്, ... പ്രവേശിക്കുക ..." എന്ന് കർത്താവ് പറയുമ്പോൾ, അവരെ സ്വീകരിക്കുന്നത് ദൂതന്മാരായിരിക്കും എന്ന് പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്തായി 25:23)!

"യിസ്രായേൽ മക്കളിലെ പന്ത്രണ്ട് ഗോത്രങ്ങളുടേയും"[26] പേരുകൾ ഗോപുരങ്ങളിൽ എഴുതിയിരുന്നു (വെളിപ്പാട് 21:12).[27] "പന്ത്രണ്ട് ഗോത്രങ്ങൾ" വെളിപ്പാടിൽ ഉപയോഗിച്ചിരിക്കുന്നത് ആലങ്കാരികമായി ആത്മീയ യിസ്രാ യേൽ ആകയാൽ (സഭ; 7:4–8 നോക്കുക),[28] വെളിപ്പാടിന്റെ പ്രാഥമികമായ ഉദ്ദേശം. വലയപ്പെട്ട സഭാംഗങ്ങളെ ഉത്തേജിപ്പിക്കുകയായിരുന്നു, ഇവിടെ പ റയുന്ന വാക്ക് ഒരുപക്ഷെ ക്രിസ്ത്യാനികളെ സൂചിപ്പിക്കുന്നതാകാം അങ്ങ നെയായാലും, ഈ അലങ്കാരം ഉറപ്പിച്ചു പറയുന്നത് *എല്ലാ*ക്കാലത്തേയും വിശ്വസ്തരായവർ സ്വർഗത്തിലുണ്ടാകും എന്നാണ് (എബ്രായർ 11:39, 40).

ഗോപുരങ്ങളുടെ വിസ്മയിപ്പിക്കുന്ന ഭാഗം അവയുടെ സംയോജനമാണ്; "പന്ത്രണ്ട് ഗോപുരവും പന്ത്രണ്ട് മുത്ത്; ഓരോ ഗോപുരവും ഓരോ മുത്തു കൊണ്ടുള്ളത്" (വെളിപ്പാട് 21:21). ആ ഗോപുരങ്ങൾ. മുത്തുകളാൽ *മൂടപ്പെ ട്ടിരു*ന്നില്ല (പലപ്പോഴും-ഉപയോഗിച്ചിരിക്കുന്ന വാക്ക് "മുത്തുകൊണ്ടുള്ള ഗോപുരങ്ങൾ" എന്നാണ്); അവ മുത്തുകൾ *ആയിരുന്നു*. പുരാതന ലോകത്ത് ആകർഷിക്ക-പെട്ട ആഭരണങ്ങൾ മുത്തുകൊണ്ടുള്ളതായിരുന്നു. (മത്തായി 13:46; 1 തിമൊഥെയോസ് 2:9.) ഇരുപത്-തരിയുള്ള മുത്ത് – ഏതാണ്ട് നിങ്ങളുടെ ചെറുവിരലിന്റെ അറ്റത്തോളം[29] – ഭാവി അകലെയുള്ളതാണ്. ഒരു മനുഷ്യന് അത്രയും വലിപ്പമുള്ള പല മുത്തുകൾ ഉണ്ടെങ്കിൽ, അയാളുടെ ആയുഷ്കാലം മുഴുവൻ വിശ്രമജീവിതം നയിക്കാം. അപ്പോൾ പിന്നെ, പന്ത്രണ്ട് ഊഹിക്കുക. വ-ലി-പ്പ-മേ-റി-യ മുത്തുകളാണെങ്കിൽ, ഒരു നഗരത്തിന്റെ ഗോപുരങ്ങളായി ഉപയോഗിക്കാം![30]

## ഉപസംഹാരം

നമ്മുടെ വേദ ഭാഗത്തിലെ വിവരണങ്ങൾ അക്ഷരീകമായി എടുക്കണോ? അക്ഷരീക വാതിലുകളെ എതിർത്തുകൊണ്ട്, ചാൾസ് സ്പെർജിയൻ നഗര ഗോപുരത്തിന് ആവശ്യമായ മുത്തിന്റെ വലിപ്പം കാണിപ്പാൻ ഒരു മുത്തു ച്ചിപ്പിയുടെ ആകൃതി കണക്കാക്കിയിരുന്നു. പിന്നെ മുത്തുച്ചിപ്പി കടലിൽ വളരുന്നതും ഊഹിക്കയുണ്ടായി.[31] ആ ഭാവനകളുടെ അർത്ഥം നമ്മെ പ രിഭ്രമിപ്പിക്കുന്നതും – കിതപ്പോടുകൂടി, നാം തലകളെ കുലുക്കി പറയും, "സ്വർഗ്ഗം *ഇതിനേ*ക്കാൾ കൂടുതൽ മനോഹരമാണെങ്കിൽ അത് എത്ര അത്ഭു താവഹമായിരിക്കും!"[32]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കൾക്കുമുള്ള കുറിപ്പുകൾ

ഈ പാഠത്തിനും അടുത്ത പാഠത്തിനുമുള്ള മറ്റ് തലവാചകങ്ങൾ ഇതാ:

"സ്വർഗ്ഗത്തിന്റെ ഒരു പർവ്വത ശിഖര കാഴ്ച"; "നിത്യ നഗരം"; "പറുദീസ യഥാസ്ഥാനപ്പെട്ടു"; "വീട്ടിലെത്തൽ"; "എനിക്ക് വീട്ടിൽ പോകണം!"

താൽപര്യമെങ്കിൽ, ഈ പാഠവും അടുത്തതും ഒന്നായി പഠിക്കാം: ആത്മാവിന്റെ ഭവനമായ സ്വർഗ്ഗം (1) സൗന്ദര്യത്തിൽ ഉജ്ജ്വലമായത് (21:9-21), (2) തേജസ്സു നിറഞ്ഞത് (21:22-27), (3) സ്നേഹം നിറഞ്ഞത് (22:1-5).

സ്വർഗ്ഗത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച പാഠങ്ങൾ വേറെയില്ല; *"ക്രിസ്തു വരുന്ന ദിവസം (വീണ്ടും)" എന്ന പുസ്തകത്തിലെ "സ്വർഗ്ഗം എങ്ങനെ ആസ്വദിക്കാം" എന്ന പാഠവും* "ഞാൻ സ്വർഗ്ഗത്തിലേക്കു പോയ രാത്രി," എന്നും മറ്റുമുള്ള പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചത് ലഘുലേഖാ രൂപത്തിലാണ്, ഹാൺ പബ്ലിഷിംഗ് കമ്പനിയുമാണ്.

---

കുറിപ്പുകൾ

[1]കോട്ടഡ് ഇൻ ഹെർബെർട്ട് വി. പ്രോച്ച് നൗ, *എ ഡിഷ്ണറി ഓഫ് വിറ്റ്, വിസ്ഡം, ആന്റ് സാറ്റൈർ* (ന്യൂയോർക്ക്: പോപ്പുലർ ലൈബ്രറി, 1964), 129. [2]"ഹോം, സ്വീറ്റ് ഹോം" ഫ്രം ദ ഓപ്പറർ *ക്ലാരി, ദ മൈന്റ് ഓഫ് മിലാൻ* (1823). കോട്ടഡ് ഇൻ ജോൺ *ബാർലറ്റ്, ബാർലറ്റ് ഫെമിലിയർ കൊട്ടേഷൻസ്,* 16ന്ത് എഡി., ജന. എഡി. ജെസ്റ്റിൻ കാപ്ലാൻ (ബോസ്റ്റൺ: ലിറ്റിൽ ബ്രൗൺ ആന്റ് കമ്പനി., 1992), 405. [3]ജെയിംസ് റോ, "ഹോം ഓഫ് ദ സോൾ," *സോങ്സ് ഓഫ് ഫെയ്ത്ത് ആന്റ് പ്രൈസ്*, എഡി. ആൾട്ടൺ എച്ച് ഹോവാഡ് (വെസ്റ്റ് മോൺ ട്രോ ലാ.: ഹോവാഡ് പബ്ലിഷിങ്ങ് കമ്പനി 1994). [4]ആദ്യത്തെ രണ്ട് ചോദ്യങ്ങളും എടുത്തിരിക്കുന്നത് ജിമ്മി ലിവിഡൻ, "ഹോം സിക്ക് ഫോർ ഹെവൻ." *അബിലീൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി ലക്ച്ചേഴ്സ്* (1980): 54. [5]മേരിയുടെ സംഭവം എടുത്തിരിക്കുന്നത് ഡബ്ലിയു. ബി. വെസ്റ്റ് ജൂനിയർ., *റെവലേഷൻ ത്രൂ ഫസ്റ്റ്-സെഞ്ചുറി ഗ്ലാസ്സസ്*, എഡി. ബോബ് പ്രിച്ചാർഡ് (*നാഷ്‌വിലേ:* ഗോസ്പ്പൽ അഡ്വക്കേറ്റ് കമ്പനി., 1997), 150. [6]കുഞ്ഞാടിന്റെ കാന്തയാണ് സഭ (എഫേസ്യർ 5:22-32 നോക്കുക). "മണവാട്ടി" എന്ന 21:2, 9 ലെ വാക്ക് സൂചിപ്പിക്കുന്നത് തേജസ്കരിക്കപ്പെട്ട സ്വർഗ്ഗത്തിലെ സഭയാണ്. (ഈ പുസ്തകത്തിൽ മുമ്പ് വന്നതായ "സകലതും പുതുതായി," എന്ന പാഠത്തിലെ 21:2 ലെ കുറിപ്പ് നോക്കുക.) ഒരിക്കൽകൂടെ, ജനത്തേയും (സഭ) സ്ഥലത്തേയും (സ്വർഗ്ഗം) തമ്മിൽ വേർതിരിക്ക പ്രയാസമാണ്; കാന്തയെ കാണിച്ചു കൊടുക്കാമെന്നാണ് ദൂതൻ യോഹന്നാനോട് പറഞ്ഞത് (വാ. 9), എന്നാൽ അവനെ കാണിച്ചുകൊടുത്തത് ഒരു നഗരമായിരുന്നു (വാ. 10). [7]ഇത് യോഹന്നാനെ ശാരീരികമായി എടുത്തുകൊണ്ട് പോയി എന്നല്ല അർത്ഥമാക്കുന്നത് പിന്നെയോ ആത്മാവ് ആത്മാവിനെ നിയന്ത്രിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "മനുഷ്യപുത്രനോട് സദൃശ്യനായവൻ" എന്ന പാഠത്തിലെ 1:10 ന്റെ കുറിപ്പുകൾ നോക്കുക. [8]മഹതിയാം ബാബിലോണിനെ കാണിപ്പാൻ യോഹന്നാനെ *മരുഭുമിയിലേക്ക്* കോണ്ടുപോയത്, യെഹസ്കേൽ 40:2 ലെ സംഭവവുമായി താരതമ്യം ചെയ്യുക, എന്നാൽ പുതിയ യെരുശലേം കാണുവാൻ ഒരു *പർവ്വതവുമായാണ്* താരതമ്യം ചെയ്യുന്നത്. [9]ഇത് ഇറങ്ങിവരുന്ന രണ്ടാമത്തെ നഗരമോ, അല്ലെങ്കിൽ ഒരേ നഗരം രണ്ടാംപ്രാവശ്യം ഇറങ്ങിവരുന്നതോ അല്ല, എന്നാൽ 21:2-ൽ പറഞ്ഞ അതേ സംഭവം തന്നെയാണ്. വെളിപ്പാടിൽ ഒരേ സംഭവം ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട് (14:8 ഉം 18:2 ഉം താരതമ്യം ചെയ്യുക; 9:20 ഉം 16:9 ഉം നോക്കുക). "സ്വർഗ്ഗത്തിൽ ദൈവ സന്നി

ധിയിൽ നിന്ന്" എന്നതിന്റെ സാധ്യതയുള്ള പ്രാധാന്യത്തിന് ഈ പുസ്തകത്തിൽ പിന്നീടു വരുന്ന 21:2 ന്റെ പരാമർശം നോക്കുക. [10]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കാര്യങ്ങൾ കാഴ്ചപ്പാടിൽ ആക്കുക," എന്ന പാഠത്തിലെ സൂര്യകാന്തത്തെക്കുറിച്ചുള്ള കുറിപ്പുകൾ നോക്കുക.

[11]യെഹസ്ക്കേൽ 40:3 നോക്കുക. മുമ്പ്, യോഹന്നാനു ദൈവാലയം അളക്കുവാൻ ഒരു ദണ്ഡ് കൊടുത്തിരുന്നു (11:1). അളന്നതു ഒരു കോൽ കൊണ്ടായിരുന്നു, അതു സംരക്ഷണത്തിനായിരുന്നു. (*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നാം അളക്കുന്നുണ്ടോ?," എന്ന പാഠത്തിലെ 11:1 ന്റെ കുറിപ്പുകൾ നോക്കുക.) അദ്ധ്യായം 21–ൽ അളന്നത് *പൊന്നുകൊണ്ടുള്ള* ഒരു ഉപകരണം കൊണ്ടായിരുന്നു. സ്വർഗ്ഗീയ മഹിമ നമ്മെ കാണിക്കുന്നതിനു വേണ്ടിയായിരുന്നു അത്. [12]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "കൊയ്ത്തുകാലം" എന്ന പാഠത്തിലെ *സ്റ്റേഡിയയുടേയും സ്റ്റേഡിയന്റേയും* കുറിപ്പുകൾ നോക്കുക. [13]എൻ എ എസ്സ് ബി മനസിലാക്കുവാൻ എളുപ്പത്തിനായി റോമൻ അളവ് മയിലിലേക്ക് മാറ്റിയിട്ടുണ്ട്. നിർഭാഗ്യവശാൽ അത് സംഖ്യകളുടെ ആലങ്കാരികതയെ നഷ്ടമാക്കുന്നു. "ആയിരത്തി അഞ്ഞൂറ്," എന്നതിന് ആലങ്കാരിക പ്രാധാന്യമില്ല, എന്നാൽ "ആയിരത്തി ഇരുന്നൂറ്" ന് പ്രാധാന്യമുണ്ട്. (നാം പിന്നീട് ഒരു പാഠത്തിൽ അതു കാണും.) [14]ലിയോൺ മോറിസ്സ്, *റെവലേഷൻ*, റെവ. എഡി., ദ ടിന്റയിൽ ന്യൂ ടെസ്റ്റമെന്റ് കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1987), 244 നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ളതും ആയിരത്തി അഞ്ഞുറ് മൈൽ ദൂരമുള്ളതുമായ പട്ടണങ്ങൾ പറയുക. [15]ബർട്ടൺ കോഫ്മാൻ, *കമന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ, ടെക്സ്റ്റ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിംഗ് ഹൗസ്, 1979), 494. വീണ്ടും, നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ളത് ഉപയോഗിക്കാം. [16]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "പ്രധാന അടയാളങ്ങളും അതിശയിപ്പിക്കുന്ന അലങ്കാരങ്ങളും," എന്ന പാഠത്തിലെ "പന്ത്രണ്ട്" എന്നതിന്റെ പെരുക്കവും ആലങ്കാരിക പ്രാധാന്യവും നോക്കുക. [17]"പന്തീരായിരം" എന്നത് ആയിരം പന്ത്രണ്ട് കൊണ്ട് ഗുണിക്കുന്നതിന്റെ ഫലമായി കിട്ടുന്നതാണ്, "ആയിരം" എന്നത് പത്തിന്റെ ഗുണനമാണ് ("പത്ത്" എന്നത് പുർണ്ണതയുടെ അലങ്കാരമാണ്, വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "പ്രധാന അടയാളങ്ങളും അതിശയിപ്പിക്കുന്ന അലങ്കാരങ്ങളും" എന്ന പാഠത്തിലെ "പത്ത്" എന്നതിന്റെ കുറിപ്പ് നോക്കുക). [18]അതുപോലെ പുസ്തകത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതാണ് ഒരു പിരമിഡ്. എങ്ങനെയായാലും, ഒരു ക്യുബിന്റെ ഭാവന സന്ദർഭത്തിന് യോജിച്ചതാണെന്ന് തോന്നുന്നു. ഒരു ക്യുബ് നഗരത്തെ കാണിക്കാത്തതുകൊണ്ട്, ഉദ്ദേശം നഗരത്തെ പോലെ തോന്നിപ്പിക്കുന്ന വിധത്തിൽ വരക്കുവാൻ ഞാൻ ബ്രയൻ വാറ്റ്സിനോട് പറഞ്ഞു. നമ്മുടെ കലാപരമായ പോരായ്മകൾ നിങ്ങൾ സദയം ക്ഷമിക്കുമല്ലോ. [19]"ദൂതൻ ഉപയോഗിച്ചത്, മനുഷ്യന്റെ അളവായിരുന്നു" എന്ന പ്രയോഗം എൻഏഎസ്ബിയിലെ "മനുഷ്യന്റെ അളവനുസരിച്ചായിരുന്നു ദൂതന്റെ അളവ്" എന്ന വിശദീകരണം ഉചിതമായതാണ്. കാരണം മനുഷ്യർക്ക് പരിചയമില്ലാത്തസ്വർഗീയ അളവായിരുന്നില്ല ദൂതൻ ഉപയോഗിച്ചത്. [20]വീണ്ടും, ഉപയോഗിച്ചിരിക്കുന്ന സംഖ്യയുടെ ആലങ്കാരികത എൻഏഎസ്ബി മറച്ചിരിക്കയാണ്.

[21]രണ്ട് സാധ്യതകളും തച്ചുശാസ്ത്രപരമായി പ്രാവർത്തികമാണ്. വരയുടെ ഉദ്ദേശത്തിനായി മതിലിന്റെ ഉയരം സൂചിപ്പിക്കുവാനാണ് ഞാൻ ബ്രയൻ വാറ്റ്സിനോട് പറഞ്ഞത്. [22]ഈ വിവരണത്തെ യെശയ്യാവ് 54:11, 12 മായി താരതമ്യം ചെയ്യുക. [23]വെളിപ്പാടിലെ "പന്ത്രണ്ട്" എന്ന സംഖ്യ ആലങ്കാരികമാണെന്ന് വിചാരിക്കാതെ, "പന്ത്രണ്ട് അപ്പൊസ്തലന്മാർ" എന്നതിൽ *എല്ലാ* അപ്പോസ്തലന്മാരേയും

ഉൾപ്പെടുത്തിയിരിക്കുന്നു. പൗലൊസിനെ വിട്ടുകളഞ്ഞോ ഇല്ലയോ എന്ന കാര്യത്തിൽ ചിലർ ആവശ്യമില്ലാതെ വിചാരപ്പെടുന്നുണ്ട്. [24]ആഭരണങ്ങളുടെ ലിസ്റ്റിൽ ആവേശം കൊള്ളുന്നവരാണ് വ്യാഖ്യാതാക്കൾ, പലരും വിചാരിക്കുന്നത് അവ പരിഹരിക്കാൻ പറ്റാത്ത കടങ്കഥയാണെന്നാണ്. ആ കല്ലുകളിൽ എട്ടെണ്ണം മഹാപുരോഹിതന്റെ ഏഫോദിലേതാണെന്ന് ചിലർ എടുത്തു പറയുന്നു (പുറപ്പാട് 28:15-21). ചിലർ ആ കല്ലുകൾ ധരിക്കുന്നതിലെ അന്ധവിശ്വാസത്തെയും എടുത്തു കാണിക്കുന്നു. വിലയേറിയ കല്ലുകൾ അന്നു രൂപപ്പെടുത്തുന്നതിൽ അന്ന് ഐകരൂപ്യമില്ലാതിരുന്നതിനാൽ, വാക്യങ്ങൾ 19 ലും 20 ലും പറഞ്ഞിരിക്കുന്ന കല്ലുകൾ വാസ്തവത്തിൽ *ഏതാണെന്ന്* പറയുക അസാധ്യമാണ്, പ്രത്യേകിച്ച് നിറത്തിന്റെ കാര്യത്തിൽ. "ആഴത്തിലുള്ള" പ്രാധാന്യം നോക്കാതെ, കാഴ്ച്ചയുടെ *മൊത്തത്തിലുള്ള* ഫലം നോക്കുന്നതായിരിക്കും ഉചിതം. താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിലെ ഓരോന്നിന്റേയും നിറം 100 ശതമാനം കൃത്യമായിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം, പക്ഷെ ആ കാഴ്ച്ച കണ്ണ-ഞ്ചിപ്പിക്കുന്നവ തന്നെയാണ്. [25]നാല് ദിശകളും പറയുന്നത് പലപ്പോഴും എല്ലാ മനുഷ്യരേയുമാണ്. (*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "പ്രധാന അടയാളങ്ങളും അതിശയിപ്പിക്കുന്ന അലങ്കാരങ്ങളും" എന്ന പാഠത്തിലെ "നാല്" എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യം നോക്കുക.) [26]അപ്പൊസ്തലനായ പൗലൊസ് പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഉൾപ്പെടുന്നുണ്ടോ ഇല്ലയോ എന്ന് വാദിക്കുന്നതിൽ അർത്ഥമില്ലാത്തതുപോലെയാണ്, ലേവ്യാഗോത്രത്തിൽ പതിമൂന്നാമത്തെ ഗോത്രം ഉണ്ടായിരുന്നോ ഇല്ലയോ എന്ന് തർക്കിക്കുന്നത്. "പന്ത്രണ്ട് ഗോത്രങ്ങൾ" എന്നു പറയുന്നത് യിസ്രായേലിനെ *മുഴുവനു*മാണ്. [27]യെഹസ്ക്കേൽ 48:30-35 ലെ ഗോപുരങ്ങളുടെ വിവരണം നോക്കുക. [28]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനു മദ്ധ്യേയുള്ള ശാന്തത" എന്ന പാഠത്തിലെ 7:4-8 ന്റെ കുറിപ്പുകൾ നോക്കുക. [29]അമേരിക്കയിൽ ഞാൻ പറയും, "ഒരു മാർബിളിന്റെ സൈസ്," എന്ന്. ഒരു ദൃശ്യാവിഷ്ക്കാരത്തിന്, ഏതാണ്ട് ചെറുവിരലിന്റെ അഗ്രം എടുക്കാം. [30]കഷ്ടതയിലൂടെ പുറത്തുവരുന്നതു മുത്ത് മാത്രമാണെന്ന് പല എഴുത്തുകാരും വിവരിക്കുന്നു. മുത്തുച്ചിപ്പിയുടെ ഉള്ളിൽ കടക്കുന്ന ഒരു തരി മണലിനു ചുറ്റും വേദനയോടെ ഒരു പ്രതലമുണ്ടാക്കുന്നു. അതിനു സമാന്തരമായി അവർ സ്വർഗത്തിലേക്കുള്ള പ്രവേശനം കഷ്ടതയിൽകൂടെയാണ് എന്നു പറയുന്നു, യേശുവിന്റെ കഷ്ടതയും, അവന്റെ പാതയിൽ നടക്കുന്നവർക്ക് നേരിടുന്ന കഷ്ടതയും അവരെടുക്കും. അതിന് ബൈബിളടിസ്ഥാനം ഉണ്ടായാലും ഇല്ലെങ്കിലും, അത് ചിന്തോ-ദ്ദീപകമാണ്.

[31]എടുത്തിരിക്കുന്നത്, എച്ച്. എൽ. എലിസൺ, *1 പത്രൊസ് - റെവലേഷൻ,* സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്ക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1969), 88. [32]നിങ്ങൾ ഇത് ഒരു പ്രസംഗത്തിനായി ഉപയോഗിക്കുന്നുവെങ്കിൽ, ശ്രോതാക്കളെ മനോഹരമായ സ്വർഗത്തിൽ പോകുവാൻ പ്രോൽസാഹിപ്പിക്കണം. ഒരു പ്രസംഗമായി അവതരിപ്പിക്കുമ്പോൾ, ശ്രോതാക്കൾ വിശ്വാസത്താലും അനുസരണത്താലും ക്രിസ്ത്യാനികളായി തീരാമെന്നും, തെറ്റിപ്പോയ ക്രിസ്ത്യാനികൾക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും ബോധ്യപ്പെടുത്തുക. ആ പ്രബോധനത്തിന്റെ ഭാഗമായി നിങ്ങൾക്ക് 1 യോഹന്നാൻ 3:2, 3 ഉം എബ്രായർ 12:14 ഉം ഉദ്ധരിക്കാം.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. "ഭവനം" എന്ന വാക്ക് കേൾക്കുമ്പോൾ നിങ്ങളുടെ മനസിൽ വരു

ന്നത് എന്താണ്? "സ്വർഗം" എന്നു കേൾക്കുമ്പോൾ എന്തു വിചാരിക്കുന്നു?

2. സ്വർഗത്തെ വിവരിക്കുവാൻ എന്തുകൊണ്ടാണ് ആലങ്കാരിക ഭാഷ ഉപയോഗിച്ചിരിക്കുന്നത്? ഇതിനർത്ഥം വിവരിച്ചതിനേക്കാൾ സ്വർഗം മനോഹരമാണെന്നാണോ?
3. "പന്ത്രണ്ട്" എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥമെന്ത്? ഈ പാഠത്തിന്റെ വേദഭാഗത്തിൽ എത്ര പ്രാവശ്യം "പന്ത്രണ്ട്" എന്ന സംഖ്യ കാണാം? "പന്ത്രണ്ട്" എന്ന സംഖ്യ എന്തു വ്യത്യസ്ത സംയോജിപ്പി ലാണ് ഉപയോഗിച്ചിരിക്കുന്നത്? (ഗ്രീക്ക് അളവുകൾ ആധുനിക അളവുകളിലേക്ക് മാറ്റുവാൻ സാധ്യമല്ലാത്തതിന് തർജിമ പരിശോധിക്കുക.)
4. സ്വർഗിയ നഗരത്തിന് നീളവും, ഉയരവും, വീതിയും സമമാണെന്നതിന് എന്തു പ്രാധാന്യമാണുള്ളത്?
5. ഗോപുരങ്ങൾക്ക് *മുത്തുകൾ* ഉപയോഗിച്ചിരിക്കുന്നതിന്റെ പ്രത്യേകത എന്ത്?
6. 21:22–22:5-ൽ സ്വർഗത്തെ കുറിച്ച് വിവരിച്ചിരിക്കുന്ന വസ്തുതകൾ ഒന്നു നോക്കുക. സ്വർഗ്ഗത്തിൽ *നിങ്ങൾക്ക്* ഏറ്റവും പ്രിയപ്പെട്ട ഗുണം ഏത്?
7. നിങ്ങൾക്ക് സ്വർഗത്തിൽ പോകുന്നതിന് എങ്ങനെ ഒരുങ്ങാം?



**പുതിയ യെരുശലേം (21:2)**